**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4982** **20-07-2022 - ൽ മറുപടിയ്ക്ക്**

**തൊഴിലാളികൾക്കുണ്ടാകുന്ന തൊഴിൽ ജന്യ രോഗങ്ങൾ തടയുന്നതിന് നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കെ ബി ഗണേഷ് കുമാർ,<br>ശ്രീ കോവൂർ കുഞ്ഞുമോൻ,<br>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി,<br>ശ്രീ മാത്യു ടി. തോമസ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | പ്ലാന്റേഷൻ, കശുവണ്ടി, കയർ ഉൾപ്പെടെയുള്ള സംഘടിത തൊഴിൽ മേഖലകളിലും മറ്റ് അസംഘടിത മേഖലകളിലും ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് തൊഴിലിടങ്ങളിൽ നിന്നും ഉണ്ടാകുന്ന തൊഴിൽ ജന്യ രോഗങ്ങൾ തടയുന്നതിനും ചികിത്സാ സഹായങ്ങൾ നൽകുന്നതിനും ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ വിശദമാക്കാമോ; | (എ) | തൊഴിൽജന്യ രോഗങ്ങൾ തടയുന്നതിന് ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പിന്റെ നേതൃത്വത്തിൽ തൊഴിലിടങ്ങളിൽ തൊഴിൽജന്യ രോഗ നിർണ്ണയ സർവ്വേകൾ നടത്തുകയും, അവ ഫലപ്രദമായി തടയുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ തൊഴിലാളികൾക്ക് നൽകുകയും തൊഴിലാളികളിൽ അവബോധം നൽകുകയും ചെയ്തുവരുന്നു. 2015 വർഷം മുതൽ കൊല്ലം ജില്ലയിൽ പ്രവർത്തിക്കുന്ന തൊഴിൽ ആരോഗ്യ ഗവേഷണ കേന്ദ്രത്തിന്റെ നേതൃത്വത്തിൽ ക്രഷർ, കശുവണ്ടി, കയർ, മത്സ്യ സംസ്കരണം, പായ്ക്കിംഗ്, ചുമട്ടുതൊഴിലാളികൾ, ടെക്സ്റ്റൈൽ, പ്ളൈവുഡ്, സ്റ്റീൽ ഇൻഡസ്ട്രീസ് എന്നീ മേഖലകളിലെ തൊഴിലാളികൾക്ക് തൊഴിൽജന്യ രോഗ നിർണ്ണയ സർവ്വേകൾ നടത്തുകയും സ്പൈറോമെട്രി, ബ്ലഡ് ഷുഗർ, പാപ്സ്മിയർ എന്നീ പരിശോധനകൾ സൗജന്യമായി നൽകി വരികയും ചെയ്യുന്നുണ്ട്. കൂടാതെ തോട്ടം മേഖലയിൽ പ്ലാന്റേഷൻ ഇൻസ്പെക്ടർമാർ ആരോഗ്യവകുപ്പിന്റെ സഹകരണത്തോടെ പരിശോധനകൾ നടത്തുകയും, തൊഴിലാളികൾക്കും തൊഴിലുടമകൾക്കും ശുചിത്വം സംബന്ധിച്ച് ബോധവൽക്കരണം നടത്തുകയും ചെയ്യുന്നുണ്ട്.<br><br>തൊഴിലാളികൾക്ക് തൊഴിലിടങ്ങളിൽ നിന്നും ഉണ്ടാകുന്ന തൊഴിൽജന്യ രോഗങ്ങൾ തടയുന്നതിനായി പ്രത്യേക ചികിത്സാ സഹായ പദ്ധതികൾ ഒന്നും ആവിഷ്ക്കരിച്ചിട്ടില്ലായെങ്കിലും പ്ലാന്റേഷൻ, കശുവണ്ടി, കയർ ഉൾപ്പെടെയുള്ള സംഘടിത തൊഴിൽമേഖലകളിലും, മറ്റ് അസംഘടിത മേഖലകളിലും ജോലി ചെയ്യുന്ന തൊഴിലാളികൾക്കായി വിവിധ ക്ഷേമനിധി |

| | | | |
|---|---|---|---|
| | | | ബോർഡുകൾ വഴി ചികിത്സാധനസഹായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതികളുടെ ആനുകൂല്യം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദമാക്കുമോ? | (ബി) | തൊഴിൽജന്യ രോഗങ്ങൾ തടയുന്നതിന് ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പിന്റെ നേതൃത്വത്തിൽ തൊഴിലിടങ്ങളിൽ തൊഴിൽജന്യ രോഗ നിർണ്ണയ സർവ്വേകൾ നടത്തുകയും, അവ ഫലപ്രദമായി തടയുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ തൊഴിലാളികൾക്ക് നൽകുകയും തൊഴിലാളികളിൽ അവബോധം നൽകുകയും ചെയ്തുവരുന്നു. 2015 വർഷം മുതൽ കൊല്ലം ജില്ലയിൽ പ്രവർത്തിക്കുന്ന തൊഴിൽ ആരോഗ്യ ഗവേഷണ കേന്ദ്രത്തിന്റെ നേതൃത്വത്തിൽ ക്രഷർ, കശുവണ്ടി, കയർ, മത്സ്യ സംസ്കരണം, പായ്ക്കിംഗ്, ചുമട്ടുതൊഴിലാളികൾ, ടെക്സ്റ്റൈൽ, പ്ളൈവുഡ്, സ്റ്റീൽ ഇൻഡസ്ട്രീസ് എന്നീ മേഖലകളിലെ തൊഴിലാളികൾക്ക് തൊഴിൽജന്യ രോഗ നിർണ്ണയ സർവ്വേകൾ നടത്തുകയും സ്പൈറോമെട്രി, ബ്ലഡ് ഷുഗർ, പാപ്സ്മിയർ എന്നീ പരിശോധനകൾ സൗജന്യമായി നൽകി വരികയും ചെയ്യുന്നുണ്ട്. കൂടാതെ തോട്ടം മേഖലയിൽ പ്ലാന്റേഷൻ ഇൻസ്പെക്ടർമാർ ആരോഗ്യവകുപ്പിന്റെ സഹകരണത്തോടെ പരിശോധനകൾ നടത്തുകയും, തൊഴിലാളികൾക്കും തൊഴിലുടമകൾക്കും ശുചിത്വം സംബന്ധിച്ച് ബോധവൽക്കരണം നടത്തുകയും ചെയ്യുന്നുണ്ട്.<br><br>തൊഴിലാളികൾക്ക് തൊഴിലിടങ്ങളിൽ നിന്നും ഉണ്ടാകുന്ന തൊഴിൽജന്യ രോഗങ്ങൾ തടയുന്നതിനായി പ്രത്യേക ചികിത്സാ സഹായ പദ്ധതികൾ ഒന്നും ആവിഷ്ക്കരിച്ചിട്ടില്ലായെങ്കിലും പ്ലാന്റേഷൻ, കശുവണ്ടി, കയർ ഉൾപ്പെടെയുള്ള സംഘടിത തൊഴിൽമേഖലകളിലും, മറ്റ് അസംഘടിത മേഖലകളിലും ജോലി ചെയ്യുന്ന തൊഴിലാളികൾക്കായി വിവിധ ക്ഷേമനിധി ബോർഡുകൾ വഴി ചികിത്സാധനസഹായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ